യാത്രക്കിടയിലെ രക്ഷപ്പെടൽ തടയുക, ഒരു പ്രതിയെ വിവിധ കോടതികളിലുള്ള വിവിധ കേസ്സുകളിൽ ഒരേ ദിവസം ഹാജരാക്കുക, ഗതാഗതസൗകര്യം ലഭ്യമല്ലാത്ത ഹർത്താൽ/പണിമുടക്ക് ദിവസങ്ങളിൽ വിചാരണ നടത്തുക, ജയിൽ ഉദ്യോഗസ്ഥന്മാരുടെ സമയവും ഊർജ്ജവും മറ്റ് പ്രയോജനപ്രദമായ കാര്യങ്ങൾക്കായി പ്രയോജനപ്പെടുത്തുക എന്നീ കാര്യങ്ങൾ വീഡിയോ കോൺഫറൻസിംഗ് സംവിധാനം കൊണ്ട് സാധിക്കുന്നു.

ജയിൽ സൂപ്രണ്ടുമാരുടെ നിയമനം

75 (1545) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ സൂപ്രണ്ടുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഇത് നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) ജയിൽ സൂപ്രണ്ടുമാരുടെ പ്രൊമോഷൻ നടപ്പിലാക്കുന്നതിന് ഡി.പി.സി. കൂടിയോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഉടനെ ഡി.പി.സി. കൂടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സെൻട്രൽ ജയിൽ സൂപ്രണ്ടുമാരുടെ 2 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇല്ല.

(സി) ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സംസ്ഥാനത്ത് കൂടുതൽ വിജിലൻസ് കോടതികൾ

76 (1546) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിജിലൻസ് കേസ്സുകളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇത്തരം കേസ്സുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ഇതിനായി സംസ്ഥാനത്ത് കൂടുതൽ വിജിലൻസ് കോടതികൾ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly